**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3549** **02-03-2023 - ൽ മറുപടിയ്ക്ക്**

**കേരള സാങ്കേതിക സർവകലാശാല സിൻഡിക്കേറ്റ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സാങ്കേതിക സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലുമായി പുതുതായി ആറുപേരെ കൂടി നാമനിർദേശം ചെയ്യുവാനുള്ള നിയമ ഭേദഗതി ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ആരെയൊക്കെയാണ് ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലും നാമനിർദ്ദേശം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | 1. ഡോ. പി.കെ ബിജു, പറയാമ്പറമ്പിൽ മാഞ്ഞൂർ സൗത്ത് പി.ഒ., കോട്ടയം<br>2. ഡോ. ബി.എസ്. ജമുന, റിട്ട. പ്രൊഫസർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, കേരള യൂണിവേഴ്സിറ്റി.<br>3. അഡ്വ. ഐ. സാജു, പി. അസിസ് ഹൗസ്, കിള്ളി, കൊല്ലോട് പി.ഒ., കാട്ടാക്കട, തിരുവനന്തപുരം.<br>4. ഡോ. വിനോദ് കുമാർ ജേക്കബ്, പ്രൊഫസർ, എം.എ കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോതമംഗലം.<br>5. ശ്രീ. എസ്. വിനോദ് മോഹൻ, വിജയ ഭവൻ, കൊല്ലം.<br>6. ഡോ. സഞ്ജീവ്. ജി, അസ്സോസിയേറ്റ് പ്രൊഫസർ, എൻ.എസ്.എസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് പാലക്കാട്. |
| (ബി) | പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി എന്നാണ് അവസാനിച്ചതെന്ന് അറിയിക്കാമോ; | (ബി) | കേരള സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലും പുതുതായി അംഗങ്ങളെ ഉൾപ്പെടുത്തുന്ന വ്യവസ്ഥകളും മറ്റുവ്യവസ്ഥകളും ഉൾപ്പെടുത്തിക്കൊണ്ട് 2021 - ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല (ഭേദഗതി) ഓർഡിനൻസ്, 39 -ാം നമ്പർ ആയി പുറപ്പെടുവിക്കുകയും ആയത് യഥാക്രമം 50/2021, 94/2021 എന്നീ നമ്പർ ഓർഡിനൻസുകളായി പുനഃവിളംബരം ചെയ്തിട്ടുമുണ്ട്. പ്രസ്തുത 94/2021-ാം നമ്പർ ഓർഡിനൻസിനു പകരമായി 2021 - ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ 15-ാം കേരള നിയമസഭയുടെ 3-ാം |

| | | | |
|---|---|---|---|
| | | | സമ്മേളനത്തിൽ ബിൽ നമ്പർ 50 ആയി പ്രസിദ്ധീകരിക്കുകയും കേരള നിയമസഭ 2021 ഒക്ടോബർ 28-ാം തീയതി പ്രസ്തുത ബിൽ പാസ്സാക്കിയിട്ടുള്ളതും ആയത് ഗവർണ്ണറുടെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ബിൽ ഗവർണറുടെ പരിഗണനയിലാണ്. |
| (സി) | കേരള സാങ്കേതിക സർവകലാശാലയുടെ സിൻഡിക്കേറ്റിലേയ്ക്ക് നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ ഇപ്പോഴും തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | സിൻഡിക്കേറ്റിലേയ്ക്ക് നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ നിലവിൽ തുടർന്ന് വരുന്നതിനെതിരായി വൈസ് ചാൻസലർക്ക് ലഭിച്ച പരാതികൾ തുടർനടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |
| (ഡി) | എങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത അംഗങ്ങൾ സിൻഡിക്കേറ്റിൽ തുടരുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | സിൻഡിക്കേറ്റിലേയ്ക്ക് നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ നിലവിൽ തുടർന്ന് വരുന്നതിനെതിരായി വൈസ് ചാൻസലർക്ക് ലഭിച്ച പരാതികൾ തുടർനടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |
| (ഇ) | കേരള സാങ്കേതിക സർവകലാശാലയുടെ സിൻഡിക്കേറ്റിലേയ്ക്ക് നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ ഓർഡിനൻസ് കാലാവധി കഴിഞ്ഞിട്ടും എത്ര നാൾ സിൻഡിക്കേറ്റിൽ തുടർന്നുവെന്ന് വ്യക്തമാക്കാമോ; | (ഇ) | സിൻഡിക്കേറ്റിലേയ്ക്ക് നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ നിലവിൽ തുടർന്ന് വരുന്നതിനെതിരായി വൈസ് ചാൻസലർക്ക് ലഭിച്ച പരാതികൾ തുടർനടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |
| (എഫ്) | പ്രസ്തുത അംഗങ്ങൾ അനധികൃതമായി സിൻഡിക്കേറ്റിൽ തുടർന്നത് സർവകലാശാല സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (എഫ്) | സിൻഡിക്കേറ്റിലേയ്ക്ക് നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ നിലവിൽ തുടർന്ന് വരുന്നതിനെതിരായി വൈസ് ചാൻസലർക്ക് ലഭിച്ച പരാതികൾ തുടർനടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ